**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4826** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഭാരത് മാല പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാറിന്റെ ഭാരത് മാല പദ്ധതിയിൽ ഉൾപ്പെടുത്തി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്ന ബാംഗ്ലൂർ-മൈസൂർ-മലപ്പുറം ദേശീയ പാതയുടെയും കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേയുടെയും അലൈൻമെന്റ് തയ്യാറായോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് പാലക്കാട് സ്റ്റേജ് 1, ഗ്രീൻഫീൽഡ് അലൈൻമെന്റ് 23.10.2020 ന് ചേർന്ന NHAI യുടെ LAC കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ബാംഗ്ലൂർ - മൈസൂർ - മലപ്പുറം ദേശീയപാതയുടെ അലൈൻമെന്റ് നിർണയം പൂർത്തിയായിട്ടില്ല. |
| (ബി) | പ്രസ്തുത റോഡുകൾ കടന്നുപോകുന്ന പ്രദേശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | നിർദ്ദിഷ്ട കോഴിക്കോട് - പാലക്കാട് ഗ്രീൻഫീൽഡ് അലൈൻമെന്റ് കോഴിക്കോട് ബൈപ്പാസിലെ പന്തീരങ്കാവ് വില്ലേജിൽ ആരംഭിക്കുന്നു. പെരുമണ്ണ, വഴിയൂർ, ഇടവണ്ണപ്പാറ, ചേക്കോട്, അരീക്കോട്, കണ്ടലപ്പെട്ട, കാരകുന്ന്, ഇളങ്കൂർ, ചെമ്പ്രശ്ശേരി, ഓടംപട്ട, തുവൂർ, ഇരിങ്ങാത്തിരി, ഇടത്തനാട്ടുകര, മണ്ണാർക്കാട്, പൊട്ടശ്ശേരി -1, കരിമ്പ, കല്ലാടിക്കോട്, മുണ്ടൂർ, ധോണി, മലമ്പുഴ വില്ലേജുകളിലൂടെ കടന്ന് പോയി പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ (NH 544) അവസാനിക്കുന്നു. |
| (സി) | ഇതിനായി ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) | കോഴിക്കോട് - പാലക്കാട് ഗ്രീൻഫീൽഡ് പാതയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ Competent Auhority for Land Acquisition - നെ നിയമിച്ച് കൊണ്ടുള്ള S.O.2369(E) ഗസറ്റ് നോട്ടിഫിക്കേഷൻ 17.06.21 ന് പുറപ്പെടുവിച്ചു. നിലവിൽ DPR കൺസൾട്ടന്റ് എൻ.എച്ച് ആക്റ്റ് 1956 പ്രകാരമുള്ള കരട് 3A നോട്ടിഫിക്കേഷൻ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ